# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 ഏപ്രിൽ 3**

---

## സബ് സെന്ററുകൾ അനുവദിച്ചു

*ഏപ്രിൽ എട്ടിന് ആരംഭിക്കുന്ന നാലാം സെമസ്റ്റർ സിബിസിഎസ് ബിഎ, ബി കോം -പ്രൈവറ്റ് രജിസ്ട്രേഷൻ(2023 അഡ്മിഷൻ റഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്, 2017 അഡ്മിഷൻ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷകൾക്ക് സബ് സെന്ററുകൾ അനുവദിച്ചുള്ള വിജ്ഞാപനം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഏപ്രിൽ മൂന്നു മുതൽ ഹാൾ ടിക്കറ്റുകൾ ലഭിക്കും. വിദ്യാർഥികൾ രജിസ്റ്റർ ചെയ്ത കേന്ദ്രങ്ങളിൽനിന്നും ഹാൾ ടിക്കറ്റ് വാങ്ങി അനുവദിക്കപ്പെട്ട കേന്ദ്രങ്ങളിൽ പരീക്ഷ എഴുതണം.*

*(പി.ആർ.ഒ/39/1455/2025)*

## എൽ.എൽ.ബി സ്പോട്ട് അഡ്മിഷൻ

*മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പായ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ പഞ്ചവത്സര എൽഎൽബി പ്രോഗ്രാമിൽ (ഓണേഴ്സ് 2024 അഡ്മിഷൻ) ഒഴിവുള്ള സംവരണ സീറ്റുകളിൽ ഏപ്രിൽ ഏഴിന് സ്പോട്ട് അഡ്മിഷൻ നടക്കും.*

*എസ്.സി, എസ്.ടി, എൽസി-രണ്ടു വീതം, ഈഴവ, ധീവര, വിശ്വകർമ, കുടുംബി, എക്സ് ഒബിസി- ഒന്നുവീതം എന്നിങ്ങനെയാണ് ഒഴിവുകളുടെ എണ്ണം. യോഗ്യരായ വിദ്യാർഥികൾ അസ്സൽ രേഖകളുമായി രാവിലെ 11ന് വകുപ്പ് ഓഫീസിൽ നേരിട്ട് എത്തണം.*

*സംവരണ വിഭാഗങ്ങളിലെ വിദ്യാർഥികളുടെ അഭാവത്തിൽ കഴിഞ്ഞ വർഷത്തെ സർവകലാശാലാ പൊതുപ്രവേശനത്തിന്റെ മാനദണ്ഡങ്ങൾ പാലിച്ച് ഇതര വിഭാഗങ്ങളിലുള്ള വിദ്യാർഥികളെ പരിഗണിക്കും.*

*(പി.ആർ.ഒ/39/1456/2025)*

**പരീക്ഷാ ഫലം**

*മൂന്നാം സെമസ്റ്റർ എംഎസ്സി അപ്ലൈഡ് കെമിസ്ട്രി, ഫാർമസ്യൂട്ടിക്കൽ കെമിസ്ട്രി, അനലിറ്റിക്കൽ കെമിസ്ട്രി, പോളിമെർ കെമിസ്ട്രി (2023 അഡ്മിഷൻ റ ഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, ഒക്ടോബർ 2024) പ രീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോ ധനയ്ക്കും ഏപ്രിൽ 19 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

*(പി.ആർ.ഒ/39/1457/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**